**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1238** **18-09-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയം ഒരു കായിക മത്സരവും നടത്താൻ കഴിയാത്ത വിധം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാലക്കാട് മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തുക അനുവദിക്കുന്നകാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 17.01.2024 ൽ ബഹു. കായിക വകുപ്പ് മന്ത്രിയുടേയും, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടേയും അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ട പാലക്കാട് ജില്ലാ സ്റ്റേഡിയം പാലക്കാട് മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതതയിലുള്ള ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് മുന്നോടിയായി ധാരണാപത്രം തയ്യാറാക്കി 16.02.2024 -ന് പാലക്കാട് മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിരുന്നു. കിഫ്‌ബി മുഖേന നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് 05.12.2017 ലെ സ.ഉ. (സാധാ) നം. 245/2017/കാ.യു.വ പ്രകാരമുള്ള ഫോർമാറ്റിലാണ് ധാരണാപത്രത്തിൽ ഏർപ്പെടുന്നത്. എന്നാൽ, പ്രസ്തുത ഫോർമാറ്റ് പ്രകാരമുള്ള ധാരണാപത്രത്തിലെ ചില ക്ലോസുകളിൽ പാലക്കാട് മുനിസിപ്പാലിറ്റി എതിർപ്പ് ഉന്നയിക്കുകയും, മാറ്റങ്ങൾ വരുത്തിയ കരട് ധാരണാപത്രം 15.03.2025 -ന് പാലക്കാട് മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിക്കുകയും ചെയ്തിരുന്നു. ഈ മാറ്റങ്ങൾ സർക്കാർ അംഗീകരിച്ച ഫോർമാറ്റിൽ നിന്നും വ്യത്യസ്തമായതിനാൽ, ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച തീരുമാനത്തിനായി കായിക യുവജനകാര്യ ഡയറക്ടർ ലഭ്യമാക്കിയ കത്തിന്മേൽ സ്പഷ്ടീകരണം ആവശ്യപ്പെടുകയും തുടർന്ന് കായിക യുവജനകാര്യ ഡയറക്ടർ ലഭ്യമാക്കിയ സ്പഷ്ടീകരണം സർക്കാർ പരിശോധിച്ചു വരുകയുമാണ്. |

സെക്ഷൻ ഓഫീസർ